**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1341** **15-10-2026-ൽ മറുപടിയ്ക്ക്**

**എന്റെ ഭൂമി ഡിജിറ്റൽ ലാന്റ് സർവേ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ സുതാര്യവും ലളിതവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി നടപ്പാക്കുന്ന എന്റെ ഭൂമി ഡിജിറ്റൽ ലാന്റ് സർവേ പദ്ധതിയിലൂടെ നേടിയ പുരോഗതി എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

**മറുപടി:** നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭൂരേഖകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വലിയ രീതിയിലുള്ള ഡിജിറ്റൽ സർവ്വെ നടപടികളാണ് പുരോഗമിക്കുന്നത്. ഇതിനകം 10.41 ലക്ഷം ലാൻഡ് പാഴ്സലുകളുടെ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ 266 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കി അന്തിമ വിജ്ഞാപനവും 120 വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള കരട് വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സർവെ ഉപകരണങ്ങളുടെയും CORS ശൃംഖലയുടെയും സഹായത്തോടെ ഭൂമിയുടെ കൃത്യമായ ഭൂമിശാസ്ത്രപരമായ കോർഡിനേറ്റുകൾ ഉൾക്കൊള്ളുന്ന ഡിജിറ്റൽ പ്രീമ്യൂട്ടേഷൻ സ്കെച്ചുകൾ (DPMS) തയ്യാറാക്കുന്നതിനും ഇതിലൂടെ സാധിച്ചിട്ടുണ്ട്.

ഈ വില്ലേജുകളിലെ മാപ്പുകൾ ഉൾപ്പെടെയുള്ള സമ്പൂർണ്ണ വിവരങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി കാണുന്നതിനായി 'എൻറെ ഭൂമി' പോർട്ടലിൽ വിപുലമായ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ ഓരോ ഭൂവുടമയ്ക്കും തങ്ങളുടെ ഭൂമിയുടെ അതിരുകളും അളവുകളും കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിലൂടെ, സംസ്ഥാനത്തൊട്ടാകെ ഭൂമി സംബന്ധമായ രേഖകളുടെ സൂക്ഷിപ്പും കൈമാറ്റവും സുതാര്യവും സുഗമവുമാകുകയും ഭൂമി സംബന്ധമായ തർക്കങ്ങൾ ഗണ്യമായി കുറയ്ക്കാൻ സാധിക്കുകയും ചെയ്യും.

**(ബി)** റവന്യൂ,രജിസ്ട്രേഷൻ,സർവേ എന്നീ വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിച്ച് ജനങ്ങൾക്ക് വേഗതയേറിയ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഡിജിറ്റൽ സർവേയ്ക്കൊപ്പം ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം ആരംഭിച്ചത് സഹായകരമായിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** അതെ. റവന്യൂ , രജിസ്ട്രേഷൻ, സർവെ എന്നീ വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള സംയോജിത ഭൂവിവര പരിപാലന സംവിധാനമായ ILIMS (Integrated Land Information Management System) മുഖേന പോക്കുവരവ്, ആധാര രജിസ്ട്രേഷൻ, ഡിജിറ്റൽ പ്രീമ്യൂട്ടേഷൻ സ്കെച്ച് (DPMS) തയ്യാറാക്കൽ, ഭൂമിയുമായി ബന്ധപ്പെട്ട പരാതികളുടെ പരിഹാരം (LRM) തുടങ്ങിയ സേവനങ്ങൾ ഏകീകൃത ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്.

ഇതുവഴി വിവിധ വകുപ്പുകൾ തമ്മിലുള്ള വിവരവിനിമയം ഏകോപിപ്പിക്കുന്നതിനും സുതാര്യവും പൊതുജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമവുമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സഹായകമായിട്ടുണ്ട്.

പൊതുജനങ്ങൾക്ക് മേൽ വകുപ്പുകളുടെ സേവനങ്ങൾക്കായി ഒരൊറ്റ ലോഗിൻ വഴി 'എന്റെ ഭൂമി' പോർട്ടലിലൂടെ അപേക്ഷകൾ സമർപ്പിക്കാൻ സാധിക്കുന്നു. ഈ സംവിധാനം നിലവിൽ വന്നതോടെ BTR-ലും TPR-ലും വരുത്തുന്ന മാറ്റങ്ങൾ മാപ്പിലും തത്സമയം പ്രതിഫലിക്കുന്നതിനാൽ ടെക്സ്റ്റൽ ഡാറ്റയും (രേഖകൾ) സ്പേഷ്യൽ ഡാറ്റയും (മാപ്പുകൾ) ഒരേപോലെ സമഗ്രമായി പരിപാലിക്കാൻ റവന്യൂ വകുപ്പിന് സാധിക്കുന്നു.

**(സി)** ഡിജിറ്റൽ സർവേയുടെ ഭാഗമായി ഭൂവുടമകളുടെ പക്കൽ അധികഭൂമി കണ്ടെത്തുന്ന അവസരത്തിൽ പ്രസ്തുത അധികഭൂമിയുടെ കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**മറുപടി:** സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയാക്കി സെക്ഷൻ 13 വിജ്ഞാപനം പുറപ്പെടുവിച്ച വില്ലേജുകളിലെ ഭൂവുടമകളുടെ കൈവശഭൂമിക്ക് ആധാരപ്രകാരമുള്ള വിസ്തീർണത്തിൽ നിന്നും വ്യത്യാസം സംഭവിച്ചിട്ടുണ്ടെങ്കിൽ, ആയത് ക്രമവൽക്കരിക്കുന്നതിനായുള്ള ബിൽ നിയമസഭ പാസാക്കിയിട്ടുള്ളതും പ്രസ്തുത ബിൽ നിലവിൽ ബഹു.ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയുമാണ്.

കൂടാതെ, ഡിജിറ്റൽ സർവ്വേ രേഖകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജിലെ ഭൂമിയുടെ വിസ്തീർണ്ണവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുമ്പോൾ ഡിജിറ്റൽ ബി.റ്റി.ആർ (d-BTR) അടിസ്ഥാനമാക്കിയാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടതെന്ന് 13/01/2025 ലെ സ.ഉ (കൈ) നം.7/2025/RD ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.

ഡിജിറ്റൽ സർവെയിൽ കണ്ടെത്തുന്ന അധിക വിസ്തീർണ്ണം സംബന്ധിച്ച തർക്കരഹിതമായ ഭൂമിയുടെ കാര്യത്തിൽ പൊതുജനങ്ങൾക്ക് ആധാര രജിസ്ട്രേഷൻ നടത്തുന്നതിന് തടസ്സങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി ഇത് സംബന്ധിച്ച നിർദ്ദേശം നികുതി വകുപ്പ് 11.03.2026ലെ ജെ2/64/2026/നി.വ കത്ത് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് നൽകിയിരുന്നു.

തുടർന്ന് ഡിജിറ്റൽ സർവ്വേ രേഖകൾ പ്രകാരം ഒരു കൈവശക്കാരന് ഉടമസ്ഥതാ രേഖയിൽ ഉള്ളതിനേക്കാൾ അധികമായി വിസ്തീർണ്ണം രേഖപ്പെടുത്തപ്പെട്ട സാഹചര്യങ്ങളിൽ, പ്രസ്തുത അധികഭൂമിക്ക് പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നതിന് 15/03/2026 ലെ സ.ഉ.(സാധാ). 677/2026/RD ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്. അത് പ്രകാരം ഡിജിറ്റൽ സർവ്വെ പൂർത്തീകരിച്ച് സർവ്വെ അതിരടയാള നിയമം സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വില്ലേജുകളിൽ, ഈ അനുമതി അന്തിമ ക്രമീകരണ നിയമത്തിന് വിധേയമായിരിക്കുമെന്നും, ഇത് ഭൂമിയിന്മേൽ തർക്കമില്ലാത്ത ഉടമസ്ഥാവകാശം ഉറപ്പുനൽകുന്നില്ല എന്നുമുള്ള നിബന്ധന റവന്യൂ രേഖകളിൽ വാട്ടർമാർക്കായി രേഖപ്പെടുത്തി, D-BTR പ്രകാരമുള്ള ഭൂമി പോക്കുവരവ് ചെയ്ത് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**